No. CEE/4245/PGM-2018/TA3

കേരള സർക്കാർ
പ്രവേശന പപരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2018

## രണ്ടാംഘട്ട ഓൺലൈൻ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2018-ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് വീണ്ടും നടത്തുന്നതിനായി WP(C)No. 357 of 2018-ന്മേൽ 03.05.2018 ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം പുതുക്കിയ രണ്ടാം ഘട്ട അലോട്ട്മെന്റ് **08.05.2018** ന് പ്രസിദ്ധീകരിച്ചു. **05.05.2018** മുതൽ **08.05.2018 വൈകുന്നേരം 3 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. വിശദമായ വിജ്ഞാപനം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം ഘട്ട അഅലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 09/05/2018 മുതൽ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അവർ അലോട്ടുമെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പപരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **09.05.2018** മുതൽ **11.05.2018** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റായോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരഞ്ഞെടുക്കപ്പെട്ട ശാഖകളിലോ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 11.05.2018 വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന അംഗീകരിച്ച് **12.05.2018 വൈകുന്നേരം 5 മണിയ്ക്ക്** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
08.05.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**